7 വിമാനത്താവളങ്ങളിൽ പ്രവേശിക്കുന്ന വാഹനങ്ങളുടെയും ഡ്രൈവർമാരെയും മറ്റ് യാത്രക്കാരെയും കർശന പരിശോധനകൾക്ക് വിധേയമാക്കുക, ഡ്രൈവർമാരുടെയും മറ്റുള്ളവരുടെയും തിരിച്ചറിയൽ രേഖകൾ പരിശോധിച്ച് അവരുടെ ഐഡന്റിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

8 സെക്കണ്ടറി ലാഡർ പോയിന്റ് പരിശോധന നടത്തി വിമാനത്താവളങ്ങളിലെ സുരക്ഷ ഉറപ്പുവരുത്തേണ്ടതാണ്.

9 എയർപോർട്ട് സുരക്ഷ കമ്മിറ്റി യോഗം ചേർന്ന് വിമാനത്താവളങ്ങൾക്ക് പുറത്തുനിന്നും കരമാർഗ്ഗമുള്ള ആക്രമണങ്ങളെ നേരിടുന്നതിനുള്ള തയ്യാറെടുപ്പുകൾ നടത്തേണ്ടതാണ്.

പ്രസ്തുത നിർദ്ദേശങ്ങൾ കർശനമായി നടപ്പിലാക്കുന്നായി പോലീസ് നടപടി സ്വീകരിച്ചുവരുന്നു.

സിവിൽ പോലീസ് ഓഫീസറുടെ ഒഴിവുകൾ

157 (1898) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിൽ സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ ഇപ്പോൾ എത്ര ഒഴിവുകളാണുള്ളത്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) മുഴുവൻ ഒഴിവുകളിലേയ്ക്കും നിയമനം നടത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ ഇപ്പോൾ 333 ഒഴിവുകളൊണുള്ളത്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

തിരുവനന്തപുരം	107
കൊല്ലം	17
പത്തനംതിട്ട	19
ഇടുക്കി	34
എറണാകുളം	47

LIBRARY ARCHIVES Kerala Legislative Assembly

തൃശ്ശൂർ	36
പാലക്കാട്	24
കോഴിക്കോട്	49

(ബി & സി) പ്രസ്തുത എല്ലാ ഒഴിവുകളും നികത്തുന്നതിലേയ്ക്കായി പി.എസ്.സി. യിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പാറ്റൂർ ഫ്ലാറ്റ് നിർമ്മാണം

158 (1899) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറ്റൂരിൽ സർക്കാർ ഭൂമി കയ്യേറി ഫ്ലാറ്റ് നിർമ്മിച്ച സംഭവത്തിൽ എഫ്.ഐ.ആർ ഫയൽ ചെയ്യുന്നത് സംബന്ധിച്ച വിജിലൻസിന്റെ നിയമോദേഷ്ടാവിന്റെ നിയമോപദേശം എന്തായിരുന്നു; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത നിയമോപദേശ പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(സി) ഭൂമികയ്യേറ്റക്കേസ്സിൽ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യാൻ അടിയന്തര നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) പാറ്റൂരിൽ സർക്കാർ ഭൂമി കയ്യേറി ഫ്ലാറ്റ് നിർമ്മിച്ചുവെന്ന ആരോപണത്തിന്മേൽ ലോക് ആയുക്ത മുഖേന നടത്തിയ അന്വേഷണ റിപ്പോർട്ട് ലോക് ആയുക്തയുടെ പരിഗണനയിൽ ഇരിക്കുന്നതിനാൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിക്കുന്നത് യുക്തമല്ലെന്നും ആയത് പരാതിക്കാരനായ ശ്രീ. ജോയ് കൈതാരത്തെ അറിയിക്കാമെന്നും ലോക് ആയുക്തയുടെ ഉത്തരവ് പ്രകാരം തുടർനടപടികൾ സ്വീകരിക്കാമെന്നുമായിരുന്നു വിജിലൻസ് നിയമോപദേഷ്ടാവിന്റെ നിയമോപദേശം. ആയതുപ്രകാരം വിജിലൻസ് ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നത് ഉചിതമല്ലായെന്ന് പരാതിക്കാരനായ ശ്രീ. ജോയ് കൈതാരത്തിനെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത നിയമോപദേശത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly